നാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളത്. ആ കാര്യത്തിൽ പൊതുമരാമത്തു വകുപ്പുമന്ത്രി ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടിയാണ് മറുപടി പറയുന്നത്, എങ്കിലും അദ്ദേഹത്തിന്റെ പ്രത്യേക അഭിപ്രായവും അറിയണമെന്ന് എനിക്ക് ആഗ്രഹമുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നും നാലും അഞ്ചും പട്ടികകൾ പ്രകാരവും കേരള മുനിസിപ്പൽ ആക്ടിലെ ഒന്നാം പട്ടിക പ്രകാരവും നാഷണൽ ഹൈവേകളും സംസ്ഥാന ഹൈവേകളും മേജർ ജില്ലാ റോഡുകളും ഒഴികെ എല്ലാ റോഡുകളും ത്രിതല പഞ്ചായത്തുകളിലും നഗര സഭകളിലും നിക്ഷിപ്തമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ റോഡുകളും പാലങ്ങളും എന്ന ഹെഡിൽ ജില്ലാ പഞ്ചായത്തുകൾക്ക് 330 കോടി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്ത സ്ഥാപനങ്ങളുടേയും റോഡുകളുടേയും പരിപാലനത്തിന് സംസ്ഥാന റവന്യൂ വരുമാനത്തിന്റെ ഒരു നിശ്ചിത തുക പ്രസ്തുത സ്ഥാപനത്തിന് ഗ്രാന്റായി നൽകാനും ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്പോൾ അധികാരം തിരിച്ചുപിടിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ കാര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയാണ് സർക്കാരിന്റെ ചുമതല. റോഡുകളുടെ സംരക്ഷണത്തിന്റെ കാര്യത്തിലും സർക്കാർ ഈ ചുമതല നിർവ്വഹിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ എനിക്കു പറയാനുള്ളത് ഇതുസംബന്ധിച്ച് ഒരു ചർച്ച ഗവൺമെന്റ് തലത്തിൽ നടക്കുന്നുണ്ട്. അതിൽ എന്തെങ്കിലും ഒരു തീരുമാനം വന്നശേഷം മാത്രമേ വ്യക്തമായ ഒരു മറുപടി പറയാൻ സാധിക്കുകയുള്ളൂ.

(22) പുലയവേട്ടുവ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ മലബാർ മേഖലയിലെ ഏറ്റവും ദയനീയമായ ജീവിത സാഹചര്യമുള്ള വേട്ടുവ, പുലയവേട്ടുവ സമുദായത്തിൽപ്പെട്ട ആളുകളുടെ സംവരണത്തിന്റെ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. അവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യവും തൊഴിൽ സംവരണവും ഇല്ലാതായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിജ്ഞാപനം മൂലമാണ് അതില്ലാതായത്. കഴിഞ്ഞ ദിവസം കേരള ഹൈക്കോടതി ഇതുസംബന്ധിച്ച് ഇവർക്കാവശ്യമായ സംവരണം നൽകുന്നതിനുവേണ്ടിയുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നേരത്തെ ഒ.ഇ.സി. ആയി ക്യാബിനറ്റ് പ്രഖ്യാപിക്കുകയും അതിന്റെ ആനുകൂല്യം മാത്രം നൽകുമെന്നും പറഞ്ഞിരുന്ന ഈ വിഭാഗത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും വിദ്യാഭ്യാസ സംവരണവും തൊഴിൽ സംവരണവും നൽകുന്നതിനുവേണ്ടിയുള്ള പ്രത്യേക ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ശ്രീ. ടി. എൻ. പ്രതാപനും ശ്രീ. എ. പി. അനിൽകുമാറുമെല്ലാം നിരന്തരമായി എന്നെ ഇതിനുവേണ്ടി ഉപദ്രവിച്ചുക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അതിൽ അന്തിമമായ തീരുമാനം എടുത്തിട്ടുണ്ട്. കോടതി ഉത്തരവിന്റേയും കേന്ദ്ര സർക്കാരിന്റെ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ വേട്ടുവർക്ക് സംസ്ഥാനത്തു മുഴുവൻ പട്ടികജാതി പദവി കൊടുക്കുന്ന നിലപാട് ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അംഗീകരിച്ചിരിക്കുന്നു. പുലയവേട്ടുവർക്ക് സംസ്ഥാനത്തുടനീളം പട്ടികജാതി പദവി അനുവദിച്ചുകിട്ടാനുള്ള ശുപാർശയിൻമേൽ തുടർ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. പഴയ കൊച്ചി സംസ്ഥാനത്തിനു പുറത്തുള്ള വേട്ടുവരെ ഒ. ഇ. സി. ലിസ്റ്റിൽപ്പെടുത്തിയ ഉത്തരവ് ഉടൻ പിൻവലിക്കുന്നതാണ്. അവർക്ക് സംസ്ഥാനമൊട്ടാകെ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് ഉടൻ നൽകും. ഇതിന്റെ വെളിച്ചത്തിൽ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് വേട്ടുവർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാകുന്നതാണ്.

(23) ദേവികുളം നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത വ്യാജ പട്ടയങ്ങൾ

ശ്രീ. എ. കെ. മണി: സർ, എന്റെ മണ്ഡലത്തിലെ കുട്ടമ്പുഴ, മറയൂർ, കാന്തല്ലൂർ, പള്ളിവാസൽ, മാങ്കുളം, വെള്ളത്തൂവൽ, വട്ടവട, അടിമാലി, മൂന്നാർ എന്നീ വില്ലേജുകളിൽ വ്യാജ പട്ടയം കുടുതലായിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ മുഴുവൻ വ്യാജ പട്ടയങ്ങളായിരുന്നു. വ്യാജ പട്ടയത്തിന്റെ പേരും പറഞ്ഞ് പത്തും മുപ്പതും വർഷങ്ങൾക്ക് മുമ്പ് കുടിയേറിപ്പാർത്ത ജനങ്ങൾക്കും പൊതുവേയുള്ള ചെറുകിട കർഷകർക്കും പട്ടയം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ അനാസ്ഥ കാണിക്കുകയാണ്. വ്യാജ പട്ടയങ്ങൾ റദ്ദുചെയ്യുകയും ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയും യഥാർത്ഥത്തിൽ കിട്ടേണ്ട, അർഹതപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി എത്രയും വേഗം ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1992-നുമുമ്പ് 616 വ്യാജ പട്ടയങ്ങൾ നൽകുകയുണ്ടായി. അതിൽ 210 എണ്ണം റദ്ദുചെയ്തു. 326 എണ്ണം പരിശോധിച്ചുക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനു പിന്നിൽ ഒരു സത്യമുണ്ട്. ആ പ്രദേശത്ത് പട്ടയം കൊടുക്കണ്ടായെന്നു പറഞ്ഞ് ഔപചാരികമായ ഉത്തരവുകളൊന്നും കൊടുത്തിട്ടില്ല. പക്ഷേ ഇങ്ങനെ കുറെ പരാതികളൊക്കെ വന്നതുകൊണ്ട് അവിടെയിപ്പോൾ പട്ടയം കൊടുക്കുന്നില്ല എന്നുള്ളതാണ് സത്യം. ജനങ്ങൾക്ക് hardship ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ തീർച്ചയായും അർഹമായ കേസുകളിൽ പട്ടയം കൊടുക്കുന്ന നടപടി തുടരുവാൻ വേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly